ട്രോളിംഗ് നിരോധനം

95 [258] ശ്രീ. തോമസ് ഉണ്ണിയാടൻ:

,, ജോസഫ് എം. പുതുശ്ശേരി:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. സ്റ്റീഫൻ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രോളിംഗ് നിരോധനത്തെത്തുടർന്ന് തൊഴിൽ രഹിതരായ മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തിനായി മത്സ്യഫെഡിൽ നിന്നും അനുബന്ധ സ്ഥാപനങ്ങളിൽ നിന്നും എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്നു വ്യക്തമാക്കുമോ;

(ബി) ഈ വർഷം കടൽക്ഷോഭത്തെത്തുടർന്ന് സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്കുണ്ടായ നാശനഷ്ടം വിലയിരുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ട്രോളിംഗ് നിരോധനത്തെത്തുടർന്ന് തൊഴിൽ രഹിതരാകുന്ന മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തിനായി മത്സ്യഫെഡിൽ നിന്നോ മറ്റ് അനുബന്ധ സ്ഥാപനങ്ങളിൽ നിന്നോ ആനുകൂല്യങ്ങൾ നൽകുന്നില്ല.

(ബി) ഉണ്ട്.

(സി) വീടും മത്സ്യബന്ധന ഉപകരണങ്ങളും നഷ്ടപ്പെട്ട വകയിൽ ഒരു കോടി 85 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

തീരദേശ പരിപാലന നിയമം

96 [259] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ പരിപാലന നിയമം നിലവിൽ വന്നശേഷം തീരദേശത്ത് താൽക്കാലിക കുടിലുകൾ നിർമ്മിച്ചവർക്ക് റേഷൻ കാർഡിനും വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനും താൽക്കാലിക നമ്പർ ഇട്ടു നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത കുടിലുകൾ സ്ഥിതിചെയ്യുന്ന സ്ഥലത്ത്, കൈവശാവകാശരേഖ നൽകുന്നതിനോ പട്ടയം നൽകുന്നതിനോ വേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly